പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*433 | 16-05-2017-ലെ മറുപടിയ്ക്ക്

## കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കാൻ പദ്ധതി

ചോദ്യം

**ശ്രീ.അനിൽ അക്കര**
**ശ്രീ.റോജി എം. ജോൺ**
**ശ്രീ.കെ.എസ്.ശബരീനാഥൻ**
**ശ്രീ.അൻവർ സാദത്ത്**

(എ) കാർഷിക മേഖലയിലേക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും ഈ മേഖലയിൽ തൊഴിൽ നൽകുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി

ശ്രീ.വി.എസ്.സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

(എ) ആധുനിക കൃഷി രീതികൾ, യന്ത്രവൽക്കരണം എന്നിവ അവലംബിച്ചും, കൂടുതൽ വരുമാനം ഉറപ്പാക്കിയും, പുതുതലമുറയെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(i) <u>ഹൈ-ടെക് അഗ്രിക്കൾച്ചർ</u>:- പോളിഹൗസ് സ്ഥാപിച്ച് കൃഷി നടപ്പാക്കൽ, കൃത്യതാ കൃഷി, മൈക്രോ ജലസേചന പദ്ധതികൾ എന്നിവയിലൂടെ കുറഞ്ഞ സ്ഥലത്തു നിന്നും ലഭ്യമായ വിഭവങ്ങളുടെ കൃത്യമായ ഉപയോഗത്തിലൂടെ പരമാവധി ഉൽപാദനവും തദ്വാരാ കൂടുതൽ വരുമാനവും ലഭ്യമാകുന്നു.

(ii) <u>പച്ചക്കറി കൃഷി വികസന പദ്ധതി</u>:- മഴമറകൾ, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ കാർഷിക മേഖലയെ പരിചയപ്പെടുത്തുന്നതിനും, ആകർഷിക്കുന്നതിനും കഴിയുന്നു. എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേക്കുള്ള ചുവട് വയ്പാണ്.

(iii) <u>അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും</u>:- ഇവയിലൂടെ പരിശീലനം ലഭിച്ച യുവകർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ ചെയ്തുകൊടുക്കുന്നു. ഇത്തരം

സംഘങ്ങളിൽ അംഗമാകുന്നതിനും, സേവനം ലഭ്യമാക്കി കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനുമായി യുവതലമുറ താൽപര്യം പ്രകടിപ്പിക്കുന്നുണ്ട്.

(ബി) ആരുടെയെല്ലാം സേവനങ്ങളാണ് പദ്ധതിയുടെ നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

**(ബി)** ഹൈ-ടെക് അഗ്രിക്കൾച്ചർ പദ്ധതിയിലെ വിവിധ ഘടകങ്ങൾ സ്ഥാപിക്കുന്നതിന് ഈ മേഖലയിലെ പ്രാവീണ്യമുള്ള സർക്കാർ/പൊതുമേഖല/സഹകരണ സ്ഥാപനങ്ങൾ, അംഗീകൃത സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സേവനം കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

പച്ചക്കറി കൃഷി വികസന പദ്ധതിയിലേയും ആധുനിക കൃഷി രീതികൾ അവലംബിക്കുന്നതിന് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ സഹായം കർഷകർക്ക് സ്വീകരിക്കാവുന്നതാണ്. പദ്ധതി നടത്തിപ്പിനാവശ്യമായ പച്ചക്കറി വിത്തുകൾ പ്രധാനമായും കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, കേരള സംസ്ഥാന വിത്ത് വിതരണ അതോരിറ്റി എന്നിവ മുഖേനയാണ് കർഷകർക്ക് ലഭ്യമാക്കിവരുന്നത്.

അഗ്രോ സർവ്വീസ് സെന്ററുകൾക്കും, കാർഷിക കർമ്മസേനയ്ക്കും ആവശ്യമായ യന്ത്രസാമഗ്രികൾ, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ (കെയ്കോ) റീജണൽ അഗ്രോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് (റെയ്ഡ്കോ) എന്നീ സ്ഥാപനങ്ങളാണ് വിതരണം ചെയ്യുന്നത്.

ഇതോടൊപ്പം കർഷകർക്ക് ആവശ്യമായ ആധുനിക സാങ്കേതികവിദ്യയും, അറിവും, പരിശീലനവും നൽകുന്നതിന് കേരള കാർഷിക സർവ്വകലാശാല, കൃഷി വകുപ്പിന്റെ കീഴിലുള്ള പ്രാദേശിക കാർഷിക പരിശീലന കേന്ദ്രങ്ങൾ, കൃഷി ഭവൻ ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. പദ്ധതികൾ സുതാര്യമായും ജനകീയമായും നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും പദ്ധതി നിർവ്വഹണത്തിൽ ഉറപ്പ് വരുത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**